"ഭരണഭാഷ– മാതൃഭാഷ"

കേരള സർക്കാർ

നം. LSGD–DB1/752/2018–LSGD

തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 18/02/2019

<u>സർക്കുലർ</u>

വിഷയം:– തദ്ദേശ സ്വയംഭരണ വകുപ്പ് – ലൈഫ് മിഷൻ പദ്ധതി– ഭൂമിയുള്ള ഭവന രഹിതർക്ക് ഭവന നിർമ്മാണത്തിനായി തദ്ദേശ സ്വയം ഭരണ സ്ഥാപന വിഹിതം – പദ്ധതി ഭേദഗതി ചെയ്ത് 2018–19 സാമ്പത്തിക വർഷത്തിലെ പദ്ധതി വിഹിതത്തിൽ നിന്നും ബാക്കി തുക വകയിരുത്തുന്നത് –സംബന്ധിച്ച്

സൂചന:– 1. 29.01.2018 തീയതിയിലെ സ.ഉ.(കൈ)11/2018 നമ്പർ ഉത്തരവ്.

2.മുഖ്യമന്ത്രിയുടെ സെക്രട്ടറിയുടെ 10/12/2018 ലെ

എൽ.എഫ്2/511/2017 നം.അർദ്ധ ഔദ്യോഗിക കത്ത്.

ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂമിയുള്ള ഭവന രഹിതർക്ക് ഭവന നിർ മാണത്തിനായി 4 ലക്ഷം രൂപയാണ് ധനസഹായമായി നൽകുന്നത്. ഇതിൽ 80,000 രൂപ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതവും 1,00,000 രൂപ സംസ്ഥാന വിഹിതവും 2,20,000 രൂപ ലോൺ തുകയും ആണ്.

2 ) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ 2018–19 സാമ്പത്തിക വർഷത്തിലെ പദ്ധതി വിഹിതത്തിൽ നിന്നും 20 % തുക ടി ആവശ്യത്തിലേക്കായി വകയിരുത്തുന്നതിനായി സൂചന (1 ) പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. എന്നാൽ ചില തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ വിഹിതമായ 80,000 രൂപയ്ക്ക് പകരം 40,000 രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളുവെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

3) ആയതിനാൽ ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തി ഭൂമിയുള്ള ഭവന രഹിതർക്ക് ഭവന നിർമ്മാണത്തിനായി തദ്ദേശ സ്വയം ഭരണ സ്ഥാപന വിഹിതമായ 80,000 രൂപക്ക് പകരം 40,000 രൂപ മാത്രം വകയിരുത്തിയിട്ടുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, പദ്ധതി ഭേദഗതി ചെയ്ത് 2018–19 സാമ്പത്തിക വർഷത്തിലെ പദ്ധതി വിഹിതത്തിൽ നിന്നും ബാക്കി 40,000 രൂപ കൂടി അടിയന്തരമായി

വകയിരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

പകർപ്പ്:

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമ വികസനകമ്മീഷണർ, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്